# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6252

08-07-2014- ൽ മറുപടിക്ക്

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി.റ്റി. ബൽറാം :
ശ്രീ. പാലോട് രവി :
ശ്രീ. ആർ. സെൽവരാജ് :

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതി ഏതെല്ലാം തുറമുഖങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എ) തീരദേശ കപ്പൽ ഗതാഗതം കൊല്ലം തുറമുഖത്താണ് നടപ്പാക്കിയിട്ടുള്ളത്. ഗുജറാത്തിലെ മുന്ദ്ര തുറമുഖം വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കൊൽക്കത്ത തുറമുഖം എന്നിവിടങ്ങളിൽ നിന്ന് കണ്ടെയ്നർ, ബൾക്ക് കാർഗോ എന്നിവ തീരദേശ കപ്പൽ ഗതാഗതം വഴി കൊല്ലത്ത് എത്തിച്ചേരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി അനുയോജ്യമായ എല്ലാ തുറമുഖങ്ങളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ, അഴീക്കൽ തുറമുഖങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിന് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കേരളത്തിലേക്ക് കശുവണ്ടി ഇറക്കുമതി ചെയ്യുന്ന സ്ഥാപനങ്ങൾ, വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ കീഴിലുള്ള മൊത്തക്കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ എന്നിവരുടെ പങ്കാളിത്തമാണ് ആദ്യഘട്ടത്തിൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ പ്രചരണാർത്ഥം അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികളും സാമ്പത്തിക സഹായവും സർക്കാർ ചെയ്തു വരുന്നു. തീരദേശ കപ്പൽ ഗതാഗതം വഴി കാർഗോ / പാസഞ്ചർ നീക്കം ചെയ്യുന്നതിന് ഒരു ടൺ ചരക്കിന് ഒരു കിലോമീറ്ററിന് ഒരു രൂപാ നിരക്കിലും ഒരു യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപാ നിരക്കിലും ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ട്. കപ്പലുകൾക്ക് ചെറുകിട തുറമുഖങ്ങളിൽ പോർട്ട് ഡ്യൂസിന്റെ റിബേറ്റ്, തീരദേശ ചരക്ക് നീക്കത്തിന് ഉതകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സബ്സിഡി എന്നിവ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. തീരദേശ ചരക്ക് ഗതാഗത പദ്ധതിയുടെ ഭാഗമായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി കോസ്റ്റൽ ഷിപ്പിംഗ് പ്രൊമോഷൻ ഫണ്ട് രൂപീകരിക്കുകയും ആദ്യഘട്ടത്തിൽ 3 കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**